പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3139 — 07/11/2019-ൽ മറുപടിയ്ക്ക്

## മങ്കട മണ്ഡലത്തിലെ സ്കൂളുകളുടെ പശ്ചാത്തല സൗകര്യ വികസനം

| ചോദ്യം<br>ശ്രീ ടി. എ. അഹമ്മദ് കബീർ | | മറുപടി<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കിഫ്ബി മുഖേന മങ്കട നിയോജകമണ്ഡലത്തിൽ നിന്നും തെരഞ്ഞെടുത്ത സ്കൂളുകളുടെ പശ്ചാത്തല സൗകര്യ വികസനത്തിന്റെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ; | (എ) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കിഫ്ബി മുഖേന പശ്ചാത്തല സൗകര്യ വികസന പദ്ധതിയിലുൾപ്പെടുത്തി മങ്കട നിയോജകമണ്ഡലത്തിൽ നിന്നും , 2017-18 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ കിഫ്ബി ധനസഹായത്തോടെ 5 കോടി രൂപ അനുവദിച്ച ജി.എച്ച്.എസ്.എസ്. മക്കരപ്പറമ്പിന്റെ പണി 80% പൂർത്തിയായിട്ടുണ്ട്.<br><br>3 കോടി രൂപ അനുവദിച്ച ജി.എച്ച്.എസ്.എസ്. കൂട്ടിലങ്ങാടി/കൂട്ടങ്ങാപുരത്തിന്റെ SPV യായിരുന്ന കൈറ്റിനെ മാറ്റി INKEL നെ ചുമതലപ്പെടുത്തി സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചു വരുന്നു.<br><br>2018-19 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ 3 കോടി രൂപ ധനസഹായത്തോടെ നിർമ്മാണ പ്രവർത്തനത്തിന് ജി.എച്ച്.എസ്.എസ്. പാങ്ങ്, ജി.എച്ച്.എസ്.എസ്.മങ്കട, പള്ളിപ്പുറം, ജി.എച്ച്.എസ്. എസ്.മങ്കട എന്നീ സ്കൂളുകളെ തെരഞ്ഞെടുത്ത് നിർമ്മാണ പ്രവർത്തനങ്ങളുടെ SPV യായി INKEL നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. DPR തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | മേൽ പ്രവർത്തനങ്ങൾക്കായി 31/12/2018 ലെ 5503/18/പൊ.വി.വ. ഉത്തരവ് പ്രകാരം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് വ്യക്തമാക്കാമോ; | (ബി) | 31/12/2018-ലെ GO.(Rt)No.5503/2018 പൊ.വി.വ ഉത്തരവ് ഭേദഗതി വരുത്തി 446 സ്കൂളുകൾക്ക് ഭരണാനുമതി നൽകി 18/06/2019-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള SPV ആയി തദ്ദേശ സ്വയം ഭരണ വകുപ്പിന് കീഴിലെ KILA യെ ചുമതലപ്പെടുത്തി സർക്കാർ 17/08/2019-ൽ ഉത്തരവ് നൽകിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

| | |
|---|---|
| (സി) 31/12/18 ലെ 5501/18/പൊ.വി.വ. ഉത്തരവിന്റെ വെളിച്ചത്തിൽ പ്രസ്തുത മണ്ഡലത്തിലെ സ്കൂളുകളിൽ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തിയതിന്റെ വിശദാംശങ്ങൾ നൽകുമോ? | (സി) 31/12/2018-ലെ സ.ഉ(സാ.ധാ)നം.5501/18/പൊ.വി.വ ഉത്തരവ് ഭേദഗതി വരുത്തി 12/06/2019-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള SPV യായി കൈറ്റിനെ ചുമതലപ്പെടുത്തിയിരുന്നു. തുടർന്ന് കൈറ്റിന്റെ നിർദ്ദേശപ്രകാരം SPV യായി INKEL-നെ ചുമതലപ്പെടുത്തി ഉത്തരവ് നൽകിയിട്ടുണ്ട്. ആയതിന്റെ തുടർ പ്രവർത്തനങ്ങൾ നടന്നു വരുന്നു. |

Hanitha P

**സെക്ഷൻ ഓഫീസർ**